ഉത്തരം

(എ) ആകെ 74 താലൂക്കുകൾ ഉള്ളതിൽ 58 എണ്ണത്തിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

കാസർകോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി

219 (4210) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശം എത്ര ഏക്കർ സ്ഥലമാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതിൽ എത്ര ഏക്കർ സ്ഥലം കെ.എസ്.റ്റി.സി.-ക്ക് സ്പിന്നിംഗ് മിൽ സ്ഥാപിക്കാൻ നൽകിയിട്ടുണ്ട് ;

(സി) ബാക്കിവരുന്ന സ്ഥലം ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ബാക്കി സ്ഥലം ലഭിച്ചവർ സ്ഥലം പ്രയോജനപ്പെടുത്തി എന്തെങ്കിലും വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർകോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശം 23.83 ഏക്കർ സ്ഥലമാണുള്ളത്.

(ബി) ഇതിൽ ഏഴ് ഏക്കർ സ്ഥലം കെ.എസ്.റ്റി.സി.-ക്ക് സ്പിന്നിംഗ് മിൽ സ്ഥാപിക്കാൻ നൽകിയിട്ടുണ്ട്.

(സി) ബാക്കി വരുന്ന 16.83 ഏക്കർ സ്ഥലം കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് തുടങ്ങുന്നതിനായി നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി

220 (4211) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly